**ക്രമപ്രശ്നം**

ശ്രീ. വി. ഡി. സതീശൻ: സർ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺ ലൈൻ ബുക്കിംഗിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചു. അതിന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി പറഞ്ഞു. നാലുദിവസം കഴിഞ്ഞപ്പോൾ വീണ്ടും അതേ വിഷയത്തിൽ ബഹുമാനപ്പെട്ട വർക്കല അംഗം ശ്രീ. വി. ജോയി അതേ വിഷയത്തിൽ സബ്മിഷൻ കൊടുത്തിരിക്കുകയാണ്. ഒരാഴ്ചതന്നെ ഒരേ വിഷയത്തിൽ രണ്ട് സബ്മിഷൻ അനുവദിക്കുമോ; മാത്രമല്ല, ഒരു കാര്യംകൂടി, ബഹുമാനപ്പെട്ട കോവളം അംഗം ശ്രീ. എം. വിൻസെന്റ്, കഴിഞ്ഞ ദിവസം വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് സബ്മിഷൻ കൊടുത്തിരുന്നു. അദ്ദേഹത്തിന് ഇന്നാണ് സബ്മിഷൻ അനുവദിച്ചത്. ഇന്നുതന്നെ ഭരണകക്ഷിയിലെ മറ്റൊരു അംഗത്തിന് അതേ വിഷയം ശ്രദ്ധക്ഷണിക്കലിന് അനുവദിച്ചിരിക്കുന്നു. ഇത് എന്താണ്; ഇതെല്ലാം ഓർഡറിലാണോ?

ശ്രീ. എ. പി. അനിൽ കുമാർ: ഒരു വിഷയത്തെക്കുറിച്ചുള്ള സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കാര്യമാണെങ്കിൽ അതേ സഭയിൽ പിന്നീട് സബ്മിഷൻ അനുവദിക്കാൻ പാടില്ലായെന്നുള്ളത് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ സെക്ഷൻ 304(2) (ii)വളരെ വ്യക്തമായി പറയുന്നുണ്ട്.

മി. സ്പീക്കർ: ഇന്നത്തെ രണ്ടാമത്തെ സബ്മിഷൻ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ചാണ്. ഇതേ വിഷയം 09-10-2024-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനായി സഭയിൽ ഉന്നയിച്ചപ്പോൾ, ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി പറഞ്ഞതുമാണ്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസ്തുത വിഷയം വീണ്ടും സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ചെയറിന് റൂൾ ചെയ്യാനുള്ളത്, ഈ വിഷയം കേരളത്തിൽ വളരെ വിവാദമായ പശ്ചാത്തലത്തിൽ ഗവൺമെന്റ് സ്റ്റാൻഡ് അറിയാനാണ് ശ്രീ. വി. ജോയി ഇത് സഭയിൽ കൊണ്ടുവന്നത്. ഇതാണ് ചെയറിന് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇതിനുശേഷമുണ്ടായ

വികസനങ്ങൾ, ഇന്നലെയും ഇന്നും മിനിഞ്ഞാന്നുമായി.... ടി.വി. കണ്ടാലറിയാം, ഇതൊരു സവിശേഷമായ പശ്ചാത്തലമാണ്. ഇതിന്റെമുകളിൽ വീണ്ടും.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാരിന്, പ്രത്യേകിച്ച് മുഖ്യമന്ത്രിക്ക് ഏത് സമയത്തും ഏത് വിഷയത്തിൽ വേണമെങ്കിലും ഒരു പ്രസ്താവന സഭയിൽ നടത്താവുന്നതാണ്. മുഖ്യമന്ത്രി സഭാ നേതാവാണ്. ഏത് സമയത്തും ഭരണപരമായ വിഷയത്തിൽ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് സഭയിൽ വയ്ക്കുന്നതിൽ പ്രതിപക്ഷത്തുള്ളവരാരും എതിർക്കില്ല. അത് മുഖ്യമന്ത്രിക്കുള്ള അധികാരമാണ്. പക്ഷേ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിനെ വയലേറ്റ് ചെയ്തുകൊണ്ട്, ഒരു അംഗം എന്നുള്ള നിലയിൽ ഞാൻ അവതരിപ്പിച്ച അതേ വിഷയം നാല് ദിവസം കഴിഞ്ഞ് വേറൊരു അംഗം അതേ വിഷയംതന്നെ അവതരിപ്പിക്കുന്നത് ഓർഡറിലല്ല. ചെയറിന്റെ റൂളിംഗ് വന്നു. പക്ഷേ It is a clear violation of the Rules of procedure. അങ്ങ് ഇത് അനുവദിച്ചാൽ പ്രതിപക്ഷവും നാളെ ഇതുപോലെയുള്ള വിഷയങ്ങൾ സഭയിൽ കൊണ്ടുവരും.

മി. സ്പീക്കർ: അനിതര സാധാരണമായ സാഹചര്യം കേരളത്തിൽ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളം പോലുള്ള സംസ്ഥാനം മതനിരപേക്ഷതയ്ക്ക് പേരുള്ള സംസ്ഥാനമാണ്. ഇത്തരം ഘട്ടത്തിൽ ഗവൺമെന്റിന്റെ സ്റ്റാൻഡ് ക്ലീയർ ചെയ്യാനാണ് പ്രസ്തുത വിഷയം ബഹുമാനപ്പെട്ട അംഗം സഭയിൽ കൊണ്ടുവന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, That is why I said the Chief Minister can make a statement at any time and he can mention.....അത് ശരിയല്ല. മുഖ്യമന്ത്രിക്ക് അറിയാമല്ലോ; ചെയർ അതിന് കൂട്ടുനിൽക്കുകയാണോ, ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റും സ്പീക്കറും ഇത്തരം വയലേഷന് കൂട്ടുനിൽക്കുകയാണ്.